"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പേരൂർക്കട, കൺകോർഡിയ യു.പി.എസ് ലെ ജൂനിയർ (സംസ്കൃതം) അദ്ധ്യാപകനായ ശ്രീ. ഷാജി മാത്യു വടക്കന്റെ നിയമനം ദിവസ വേതനടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് കോർപ്പറേറ്റ് മാനേജർ, ലൂഥറൻ സ്കൂൾസ്, സി.എൽ.എച്.എസ്.എസ് കോമ്പൗണ്ട്, പേരൂർക്കട തിരുവനന്തപുരം സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2498/2022/GEDN തീയതി,തിരുവനന്തപുരം, 19-04-2022

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ, ലൂഥറൻ സ്കൂൾസ്, സി.എൽ.എച്.എസ്.എസ് കോമ്പൗണ്ട്, പേരൂർക്കട തിരുവനന്തപുരം 15/10/2021 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി
2. 14/02/2022 തീയതിയിലെ തിരുവനന്തപുരം (വടക്ക്) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/242/2022 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പേരൂർക്കട, കൺകോർഡിയ യു.പി.എസ് ലെ ജൂനിയർ (സംസ്കൃതം) അദ്ധ്യാപകനായ ശ്രീ. ഷാജി മാത്യു വടക്കന്റെ നിയമനം ദിവസ വേതനടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് കോർപ്പറേറ്റ് മാനേജർ, ലൂഥറൻ സ്കൂൾസ്, സി.എൽ.എച്.എസ്.എസ് കോമ്പൗണ്ട്, പേരൂർക്കട തിരുവനന്തപുരം പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു

2. പേരൂർക്കട, കൺകോർഡിയ യു.പി.എസ് ലെ ജൂനിയർ (സംസ്കൃതം) അദ്ധ്യാപകനായ ശ്രീ. ഷാജി മാത്യു വടക്കന്റെ 03/06/2018 മുതൽ 31/03/2019 വരെയും 06/06/2019 മുതൽ 31/03/2020 വരെയും ഉള്ള നിയമനം ദിവസ വേതനടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് തിരുവനന്തപുരം (വടക്ക്) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നാണ് അപേക്ഷയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. തിരുവനന്തപുരം വടക്ക് വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെട്ട പേരൂർക്കട കൺകോർഡിയ

യു.പി.എസ്.-ലെ ജൂനിയർ (സംസ്കൃതം) അദ്ധ്യാപകനായ ശ്രീ. ഇസ്മായേൽ ഇ-യുടെ അന്യത്രസേവന ഒഴിവിൽ ശ്രീ.ഷാജി മാത്യു വടക്കനെ 2018-19 അദ്ധ്യയന വർഷം 03/06/2018 മുതൽ 31/03/2019 വരെയും 2019-20 അദ്ധ്യയന വർഷം 06/06/2019 മുതൽ 31/03/2020 വരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് നിയമനം അംഗീകരിക്കുന്നതിനായി നിയമന പ്രൊപ്പോസൽ മാനേജർ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീ. ഇസ്മായേൽ ഇ.യുടെ 26/09/2018 മുതൽ എസ്.എസ്.എ.-യിലെ അന്യത്രസേവനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും തന്നെ ഹാജരാക്കപ്പെടാതിരുന്നതിനാൽ ശ്രീ. ഷാജി മാത്യു വടക്കനെ ഉൾക്കൊള്ളുന്നതിന് വ്യവസ്ഥാപിത ഒഴിവ് നിലവിലില്ല എന്ന കാരണത്താൽ പ്രസ്തുത നിയമനങ്ങൾ തിരുവനന്തപുരം വടക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിക്കപ്പെട്ടിരുന്നു. തുടർന്ന് നിയമനം നിരസിക്കപ്പെട്ടതിനെതിരെ മാനേജർ സമർഷിച്ച റിവിഷൻ അപ്പീലുകളും ടി കാരണത്താൽ തന്നെ നിരസിക്കപ്പെട്ടിരുന്നു.

4. ശ്രീ. ഇസ്മായേൽ ഇയുടെ 26/09/2017 മുതൽ 25/09/2018 വരെയുള്ള എസ്.എസ്.എ.-യിലെ അന്യത്രസേവനം ജി.ഒ.(പി) നം. 4917/21/G.Edn തീയതി: 21/12/2017 പ്രകാരവും, 26/09/2018 മുതൽ 24/06/2020 വരെ ജി.ഒ.(പി) നം.4438/21/G.Edn തീയതി: 06/10/2021 പ്രകാരവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം പേരൂർക്കട കൺകോർഡിയ യു.പി.എസ്.-ൽ ശ്രീ. ഷാജി മാത്യ വടക്കനെ 03/06/2018 മുതൽ 31/03/2019 വരെയും 06/06/2019 മുതൽ 31/03/2020 വരെയും ഉൾക്കൊള്ളുന്നതിന് വ്യവസ്ഥാപിത ഒഴിവ് നിലവിലുള്ളതായി കാണുന്നു. പേരൂർക്കട കൺകോർഡിയ യു.പി.എസ്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിഭാഗത്തിൽപ്പെട്ട വിദ്യാലയമായതിനാൽ ടി സ്കൂളിലെ ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നികത്തുവാൻ കഴിയുകയുള്ളു.

5. മേൽ സാഹചര്യത്തിൽ പേരൂർക്കട, കൺകോർഡിയ യു.പി.എസ് ലെ ജൂനിയർ (സംസ്കൃതം) അദ്ധ്യാപകനായ ശ്രീ. ഷാജി മാത്യു വടക്കന്റെ 03/06/2018 മുതൽ 31/03/2019 വരെയും 06/06/2019 മുതൽ 31/03/2020 വരെയും ഉള്ള നിയമനം ദിവസ വേതനടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് തിരുവനന്തപുരം (വടക്ക്) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,തിരുവനന്തപുരം (വടക്ക്)

ശ്രീ.ഷാജി മാത്യു വടക്കൻ, കൺകോർഡിയ യു.പി.എസ്, പേരൂർക്കട

പ്രധാനാധ്യാപകൻ, കൺകോർഡിയ യു.പി.എസ്, പേരൂർക്കട

കോർപ്പറേറ്റ് മാനേജർ, ലൂഥറൻസ് സ്കൂൾസ്, സി.എൽ.എച്ച്.എസ്.എസ് കോമ്പൗണ്ട്, പേരൂർക്കട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 19-04-2022 11:00:21**

സെക്ഷൻ ഓഫീസർ